# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2874**.

**13-03-2018 ൽ മറുപടിയ്ക്ക്**

## ജൈവ നെൽകൃഷി

**ചോദ്യം**

ശ്രീ.എം. സ്വരാജ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/പാടശേഖര സമിതികൾ എന്നിവയുടെ സഹായത്തോടെ ജൈവ നെൽകൃഷി നടത്തി വരുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | നിലവിൽ ജൈവ നെൽകൃഷി സംസ്ഥാനാവിഷ്കൃത പദ്ധതിയുടെയോ ജനകീയാസൂത്രണ പദ്ധതിയുടെയോ ഭാഗമായി ചെയ്യുന്നില്ല. എന്നാൽ സവിശേഷ നെല്ലിനങ്ങളുടെ വികസനം എന്ന ഘടകത്തിൽപ്പെടുന്ന നെല്ലിനങ്ങളെല്ലാം തന്നെ സ്വാഭാവികമായും ജൈവ നെല്ലിനങ്ങളാണ്. പൊക്കാളി, ഞവര, രക്തശാലി, ജീരകശാല, ഗന്ധകശാല എന്നിവ ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 1218.2 ഹെക്ടറിൽ കൃഷി ചെയ്യുന്നുണ്ട്. അവ ജൈവ രീതിയിൽ മാത്രമാണ് കൃഷി ചെയ്യുന്നത്.<br>ഇതിനുപുറമെ കുട്ടനാട്, പൊക്കാളി, കയ്പാട് തുടങ്ങിയ കാർഷിക മേഖലകളിലും ജൈവകൃഷിയാണ് അനുവർത്തിച്ചു വരുന്നത്.<br>മാത്രമല്ല പദ്ധതിയധിഷ്ഠിതമായി ചെറിയ വിസ്തൃതിയിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. |
| (ബി) | ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരികൾ ഏതെല്ലാം പേരിലാണ് വിറ്റഴിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി) | ഇത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന അരി പ്രാദേശിക ബ്രാൻഡുകളിൽ സംസ്ഥാനത്തിനകത്ത് മാത്രം വിറ്റഴിക്കുന്നു. |
| (സി) | ഇത്തരത്തിലുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മറ്റു കുത്തക ബ്രാൻഡുകളിലെ അരിയെക്കാൾ കുറഞ്ഞ വിലയിൽ അരി പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി | (സി) & (ഡി) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിച്ച് പൊതുവിപണി വഴി വിതരണം നടത്തി വരുന്നു. ജൈവ നെൽകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന നെല്ല് ഓയിൽ പാം |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; | | സംഭരിച്ച് മറ്റ് കുത്തക ബ്രാൻഡുകളിലെ അരിയെക്കാൾ കുറഞ്ഞ വിലയിൽ പൊതുജനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ അവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ